**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1239

05.03.2020-ൽ മറുപടിയ്ക്ക്

**കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ**

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്

**ഉത്തരം**

ശ്രീ. ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ ഈ സർക്കാർ വന്നതിനുശേഷം മുരടിക്കുന്നു എന്ന പരാതി പരിശോധിക്കുമോ;

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിനെ ശക്തിപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ നയം. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിരുന്നു. ആയതിന്റെ തുടർച്ചയായി സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് 2020-2021 സാമ്പത്തിക വർഷം ഗൃഹശ്രീ ഭവന പദ്ധതി, വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ, മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള ആശ്വാസ് വാടക ഭവന പദ്ധതി, EWS/LIG ഭവന പദ്ധതി, സർക്കാർ ജീവനക്കാർ/ഉന്നത ഉദ്യോഗസ്ഥർക്കുള്ള ഫ്ലാറ്റുകൾ/ക്വാർട്ടേഴ്സുകൾ എന്നീ പദ്ധതികൾ നടപ്പാക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം പുതിയ പദ്ധതികളാണ് ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കിയത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി (RHS) കാസർഗോഡ് ഘട്ടം IV, കടകംപള്ളി റവന്യൂ ടവർ, വെള്ളരിക്കുണ്ട് റവന്യൂ ടവർ, മട്ടന്നൂർ റവന്യൂ ടവർ, മാനന്തവാടി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നീ പദ്ധതികൾ സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) മുൻ സർക്കാർ നടപ്പിലാക്കി വന്നിരുന്ന ഏതെല്ലാം ഭവന പദ്ധതികൾ പൂർത്തീകരിച്ചു; ഇനി പൂർത്തീകരിക്കാനുള്ളത് ഏതെല്ലാം; ഇവയുടെ ഇപ്പോഴത്തെ പുരോഗതി അറിയിക്കാമോ;

(സി) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കി വന്നിരുന്ന എല്ലാ ഭവന പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കി വന്നിരുന്നതും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പൂർത്തീകരിച്ചതുമായ 12 പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഇന്നവേറ്റീവ് ഭവന പദ്ധതി, പൂജപ്പുര ഘട്ടം III
2. ഇന്നവേറ്റീവ് ഭവന പദ്ധതി, പൂജപ്പുര ഘട്ടം IV
3. എൻ.സി.സി. നഗർ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, തിരുവനന്തപുരം
4. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കിഴക്കേ ചാലക്കുടി, തൃശ്ശൂർ
5. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, മുളങ്കുന്നത്തുകാവ് , തൃശ്ശൂർ
6. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കോഴിക്കോട്
7. സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി, RHS (Rental Housing Scheme) കാസർഗോഡ് ഘട്ടം III
8. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, ഇടപ്പള്ളി, എറണാകുളം
9. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കട്ടപ്പന, ഇടുക്കി
10. ഹരിപ്പാട് റവന്യൂ ടവർ, ആലപ്പുഴ
11. സാഫല്യം പദ്ധതി, ചേളന്നൂർ, കോഴിക്കോട്
12. സർക്കാർ ജീവനക്കാർക്കായുള്ള ഭവന പദ്ധതി, കുട്ടനെല്ലൂർ, കോഴിക്കോട്
13. സാഫല്യം ഭവന പദ്ധതി, ചാത്തന്നൂർ, കൊല്ലം

(ഡി) പ്രളയ പുനർനിർമ്മാണ പദ്ധതി, ലൈഫ് പദ്ധതി എന്നിവയിൽ ബോർഡിന്റെ പങ്കാളിത്തം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ലൈഫ് മിഷൻ പദ്ധതിയുടെ നടത്തിപ്പിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് യാതൊരു പങ്കും ഇല്ല. ലൈഫ് മിഷനുമായി ബന്ധപ്പെട്ട നിർമ്മാണ പദ്ധതികൾ നിലവിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിച്ചിട്ടില്ല. എന്നാൽ, 2018-19 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിലെ പട്ടുവം, കോഴിക്കോട്

ജില്ലയിലെ മുക്കം എന്നീ സ്ഥലങ്ങളിൽ ലൈഫ് മിഷന്റെ കീഴിൽ ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് 1260 ലക്ഷം രൂപ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് വകയിരുത്തിയിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല. പ്രളയ പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം ജില്ലയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭവന പദ്ധതിക്കായി ബോർഡിന്റെ കൈവശം അകലകുന്നത്തുള്ള 2.27 ഏക്കർ സ്ഥലം വിട്ടു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ഇ) ഭവന നിർമ്മാണ ബോർഡ് ആധുനിക സാങ്കേതിക വിദ്യ ഈ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; പ്രീഫാബ് രീതിയിലുള്ള നിർമ്മാണം ബോർഡിന് ഏറ്റെടുക്കാനും നടപ്പിലാക്കാനും കഴിയുമോ എന്നറിയിക്കാമോ;

(എഫ്) പരീക്ഷണാർത്ഥം പുതിയ നിർമ്മാണ രീതിയിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ ബോർഡ് തയ്യാറാകുമോ എന്നറിയിക്കാമോ?

(ഇ) & (എഫ്) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആധുനിക സാങ്കേതിക വിദ്യയായ പ്രീ-ഫാബ് രീതിയിലുള്ള നിർമ്മാണം നടപ്പിലാക്കുന്നുണ്ട്. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിയ ചോറ്റാനിക്കര സാഫല്യം ഭവനപദ്ധതിയിലെ 24 ഫ്ലാറ്റുകൾ പ്രീ-ഫാബ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയാണ് നിർമ്മിച്ചത്.

സെക്ഷൻ ഓഫീസർ